**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 980 **10.02.2016**-ലെ മറുപടിക്ക്

ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) | ഭവനരഹിതരായ പട്ടിക ജാതിക്കാർക്ക് വീട് നിർമ്മിക്കുവാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിൽ നിന്നും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായം നല്കുന്ന പദ്ധതി പ്രകാരം ₹3,00,000/- (മൂന്ന് ലക്ഷം രൂപയും) ദുർബ്ബലവിഭാഗ പുനരധിവാസ പദ്ധതി പ്രകാരം ₹3,50,000/- (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപയും) അനുവദിച്ചു വരുന്നുണ്ട്. നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹമായ എല്ലാ പട്ടികജാതി കുടുംബങ്ങളുടെയും പുനരധിവാസമാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (സി) | 2015-16 സാമ്പത്തിക വർഷം ഭവനരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഡയറക്ടർ തലത്തിൽ ഓരോ ജില്ലകൾക്കും ഭൗതികലക്ഷ്യം നിർണ്ണയിച്ച് ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ